പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.259 | 26.02.2018-ൽ മറുപടിയ്ക്ക്

# മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം

ചോദ്യം

ശ്രീ.സി.ദിവാകരൻ

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | ബി) | മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ബില്ലുകൾ പരിശോധിച്ച് അനുവദനീയമായ തുക തിട്ടപ്പെടുത്തുന്നതിന് അപേക്ഷകളുടെ ബാഹുല്യം മൂലം ഉണ്ടാകുന്ന കാലതാമസമാണ് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതിന് കാരണം. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി 06.10.2017 ലെ ജി.ഒ.(എം.എസ്) നമ്പർ 145/2017/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ് ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ 50,000/- രൂപവരെയുളളവ ജില്ലാതല മേധാവികൾക്കും 50,000/-രൂപ മുതൽ 2,00,000/-രൂപ വരെയുളളവ ജില്ലാമെഡിക്കൽ ഓഫീസർമാരുടെ പരിശോധനയ്ക്കുശേഷം ജില്ലാതല മേധാവികൾക്കും 2,00,000/-ത്തിനു മുകളിൽ ഉളളവ ആരോഗ്യ വകുപ്പ് |

| | | | |
|---|---|---|---|
| | | | ഡയറക്ടർ/ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കുശേഷം വകുപ്പ് തലവൻമാർക്കും തീരുമാനം കൈക്കൊള്ളാൻ അനുവാദം നൽകിയിട്ടുണ്ട്.<br><br>കൂടാതെ Authorized Medical Attendant-ന്റെ ശുപാർശ ഇല്ലാതെ തന്നെ സ്വകാര്യ ആശുപത്രികളിൽ നടത്തിയ, അടിയന്തിര ചികിത്സ ആവശ്യമായ ചില രോഗങ്ങളുടെ, ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ ആരോഗ്യവകുപ്പിന്റെ പ്രത്യേകാനുമതി ഇല്ലാതെ തന്നെ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തീർപ്പാക്കാൻ 15.12.2017 ലെ സ.ഉ(കൈ) 184/17/ആകുവ ഉത്തരവ് പ്രകാരം ഭരണ വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ